പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 404 — 20-03-2018-ൽ മറുപടിക്ക്

## തെരഞ്ഞെടുത്ത വിളകളുടെ കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖല

ചോദ്യം

ശ്രീ.എസ്. രാജേന്ദ്രൻ

ശ്രീ.പി.വി. അൻവർ

ശ്രീ. വി കെ.സി. മമ്മത് കോയ

ശ്രീ. ഐ.ബി. സതീഷ്

ഉത്തരം

ശ്രീ.വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തെരഞ്ഞെടുത്ത വിളകളുടെ കൃഷിയ്ക്കായി പ്രത്യേക കാർഷിക മേഖല രൂപവത്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഏതെല്ലാം വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ, പഴവർഗ്ഗങ്ങൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. |
| (സി) | മേഖല തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എപ്രകാരമാണ് നിശ്ചയിക്കുന്നതെന്നും ഓരോ മേഖലയിലും വിളകളുടെ ഉല്പാദനം, വിപണനം, സംസ്ക്കരണം, സംഭരണം, മൂല്യവർദ്ധനവ്, ജലസേചനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വിശദമാക്കാമോ; | (സി) | അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1 മുതൽ 5 വരെയുള്ള ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉല്പാദനക്ഷമത, മണ്ണിന്റേയും കാലാവസ്ഥയുടെയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിയ്ക്ക് അനുയോജ്യവും ആ വിളയ്ക്ക് പരമാവധി ഉല്പാദനം ഉണ്ടാക്കുവാൻ സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലകളിൽ അതാതു വിളയുടെ സമഗ്ര വികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉല്പാദനം കൈവരിക്കുവാനും വിളവെടുപ്പിനു ശേഷമുള്ള പരിചരണം, സംസ്ക്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഈ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതാണ്. ഇവയ്ക്ക് പുറമെ ഈ പ്രദേശങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതാണ്. അതുവഴി വിത്ത് മുതൽ വിളവെടുപ്പുവരെയും, വിള |

വെടുപ്പിന് ശേഷമുള്ള പരിചരണം, സംസ്കരണം, വിപണനം എന്നീ പ്രവർത്തനങ്ങൾക്കുമുള്ള എല്ലാ സജ്ജീകരണങ്ങളും ഇവിടെ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്.

ഉത്പാദന വർദ്ധനവിനായി ഏറ്റവും മികച്ച ഉത്പാദനോപാധികൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. ഗുണമേന്മയുള്ള വിത്ത്/നടീൽ വസ്തുക്കൾ, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം, ജൈവ/ജീവാണു വളങ്ങളുടെയും ജൈവിക നിയന്ത്രണോപാധികളുടെയും പ്രയോഗം ഉറപ്പുവരുത്തിയുള്ള മികച്ച കാർഷിക മുറകൾ, പരിസ്ഥിതി സൗഹൃദമായ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷിക യന്ത്രവൽക്കരണം എന്നിവ നടപ്പിലാക്കുന്നു. ഇതുവഴി ഉല്പാദന ചെലവ് കുറച്ച് പരമാവധി ഉല്പാദനം ഉറപ്പുവരുത്തുന്നു.

കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി സംസ്ക്കരണം, വിവിധ മൂല്യവർദ്ധന ഉപാധികൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇതിനായി നിലവിലുള്ള പദ്ധതികളോടൊപ്പം പ്രത്യേകകാർഷിക മേഖല ഫണ്ടും ഉപയോഗിക്കുന്നു.

കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം കർഷകരുടെ പങ്കാളിത്തത്തോടെ സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കർഷകർ നേരിട്ട് നടത്തുന്ന വിപണികളും സർക്കാരിന്റെ മേൽനോട്ടത്തിലുള്ള വിപണന സംവിധാനങ്ങളും മുഖേന പരമാവധി വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. സ്വാശ്രയ കർഷക വിപണികൾ, കർഷക മിത്രങ്ങളുടെ സേവനം, ഹോർട്ടി കോർപ്പ്, വി.എഫ്.പി.സി.കെ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള കർഷക വിപണികൾ, എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| | | | ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതികൾ (പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, നെൽകൃഷി വികസന പദ്ധതി), കേന്ദ്രാവിഷ്കൃത പദ്ധതികളായ RKVY, RIDF, PMKSY തുടങ്ങിയവയും, ജനകീയാസൂത്രണ പദ്ധതികളും പ്രയോജനപ്പെടുത്തുന്നു. ഇവയ്ക്ക് പുറമേയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും ആവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് ഉപയോഗിക്കുന്നു. |
| (ഡി) | ഓരോ പ്രത്യേക കാർഷിക മേഖലയിലുമുള്ള കർഷകർക്ക് പലിശ രഹിത വായ്പയും പലിശ സബ്സിഡിയും അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | **(ഡി)** | നിലവിൽ പദ്ധതി ഇല്ല. |

**സെക്ഷൻ ഓഫീസർ**